ട്രാൻസ്ഫോർട്ട്

* ൧൨൯. (൭൨) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-ൽ ട്രാൻസ്ഫോർട്ട് ഡിപ്പാർട്ടുമെന്റിൽ എത്ര കണ്ടക്ടർമാരെ നിയമിച്ചിട്ടുണ്ട്;

(ബി) അതിൽ വിശ്വകർമ്മ സമുദായത്തിൽപെട്ടവർ എത്ര പേരുണ്ട്?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ൯൩.

(ബി) ൪.

സാങ്കേതിക പരിശീലനത്തിനുള്ള അപേക്ഷകർ

* ൧൨൦. (൭൩) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബി. ഇറി. കോളേജ്, ഇഞ്ചിനിയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് മുതലായ സാങ്കേതിക പരിശീലന സ്ഥാപനങ്ങളിലേക്കുള്ള അപേക്ഷകളുടെ തെരഞ്ഞെടുപ്പ് സബ്ജിസുകമ്മീഷനു വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) സബ്ജിസുകമ്മീഷന്റെ അധികാരപരിധിയിൽ ഈ കാര്യം പെടുന്നില്ല.

കൊച്ചുപാലം

൧൨൧. (൭൪) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) കോട്ടയം തിരുവാർപ്പു റോഡിലുള്ള കൊച്ചുപാലം വാഹന ഗതാഗതയോഗ്യമല്ലാതെയും പൊളിഞ്ഞും കിടക്കുന്നുവെന്നും അതു നന്നാക്കി കിട്ടണമെന്നും കാണിച്ച് ആ ദേശവാസികളുടെ അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കാലമായി; എന്തു നടപടി കൈക്കൊണ്ടു?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) പാലം നന്നാക്കി കിട്ടണമെന്ന കാണിച്ച് അപേക്ഷ കിട്ടിയിട്ടുണ്ട്.

(ബി) പാലത്തിന്റെ അറ്റകുറ്റങ്ങൾ താല്ക്കാലികമായി നന്നാക്കിയിട്ടുണ്ട്.

VICE-CHANCELLOR

*122. [77] **Sri. K. A. Mathew:** Will the hon'ble Minister for Education, Labour and Civil Supplies be pleased to state whether it is a fact that Sri. Nandan Menon, the University Vice-Chancellor, left the service of the University owing to differences with the Government?

LIBRARY ARCHIVES Kerala Legislative Assembly

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon:)**

Government are not aware.

ബസ് ലൈൻ

* ക്വ. നം. (വ്യ. വ.) സാഹിബ് ബഹദൂർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) എറണാകുളം മട്ടാഞ്ചേരിയും ഇടക്കൊച്ചി മട്ടാഞ്ചേരിയും ബസ് ലൈൻ ദേശവല്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) ആലോചനയിൽ ഉണ്ട്.

(ബി) തീയതി തീർച്ചപ്പെടുത്തിയിട്ടില്ല.

ശ്രീ. നന്ദൻമേനോന്റെ രാജി

* ക്വ. ന. (വ്യ. വ.) ശ്രീ. ടി. എസ്സ്. ബന്ധു: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

വൈസ് ചാൻസലർ ശ്രീ. നന്ദൻമേനോൻ തന്റെ ഉദ്യോഗം രാജി വയ്ക്കുവാനുള്ള കാരണമെന്താണ്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

രാജിവയ്ക്കാനുള്ള കാരണം ഗവണ്മെണ്ടിനെ അറിയിച്ചിട്ടില്ല.

കാളേജു പ്രവേശനം

* ക്വ. ഒ. (സ. ഠ) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) എറണാകുളം മഹാരാജാസ് കാളേജിലേയ്ക്കുള്ള പ്രവേശനക്കാര്യത്തിൽ ഉണ്ടാകുന്ന പരാതികളെ പരിഹരിക്കുവാൻ ചില വ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ലേ;

(ബി) അവ എന്തൊക്കെയാണ്;

(സി) അതിൽ റിസർവ് വ്യവസ്ഥ ഉൾപ്പെട്ടുമോ; എങ്ങിനെ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉവ്വ്.

(ബി) വ്യവസ്ഥകൾ താഴെ കൊടുത്തിട്ടുണ്ട്.

(സി) ഉവ്വ്. ചട്ടങ്ങൾ രണ്ടുമുതൽ ഏഴുവരെ റിസർവ് വ്യവസ്ഥകൾ ആണ്.

RULES

1. Admission is open to all students belonging to geographical area covered by Cochin and Travancore.

2. Preference be given in the following order.—

(*a*) Students belonging to the area coming from schools and colleges situated within the area.

(*b*) Students belonging to the area coming from schools and colleges situated outside the area.

LIBRARY ARCHIVES Kerala Legislative Assembly